ആരോഗ്യ കുടുംബക്ഷേമ വകുപ്പ് സെക്രട്ടറിയും ജില്ലാതല സൊസൈറ്റികൾക്ക് ജില്ലാ കളക്ടറും നേതൃത്വം നൽകുന്നു. ഈ പദ്ധതികൾ എല്ലാം സംസ്ഥാനതലത്തിൽ അവലോകനം ചെയ്യുന്നതിനും മോണിറ്ററിംഗ് നടത്തുന്നതിനുമായി ഒരു അഡീഷണൽ സെക്രട്ടറിയെ (പ്രോജക്ട്) പ്രത്യേകമായി ചുമതലപ്പെടുത്തിയിട്ടുണ്ട്. ആരോഗ്യവകുപ്പ് ഡയറക്ടർ, ജില്ലാ മെഡിക്കൽ ഓഫീസർമാർ എന്നിവർ പ്രതിമാസ അവലോകന മീറ്റിംഗുകൾ വിളിച്ചുകൂട്ടി പദ്ധതികളുടെ പുരോഗതി വിലയിരുത്തുകയും ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നു. കേന്ദ്ര ആരോഗ്യ കുടുംബക്ഷേമവകുപ്പും ഇത്തരത്തിൽ അവലോകന മീറ്റിംഗുകൾ നടത്തി പദ്ധതികളുടെ പുരോഗതി വിലയിരുത്തുന്നു.

(സി) ആരോഗ്യ കുടുംബക്ഷേമ വകുപ്പിലെ കുടുംബക്ഷേമ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട സേവനങ്ങളെപ്പറ്റി പഠനം നടത്തുകയും അവ മെച്ചപ്പെടുത്തുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്ന പ്രവർത്തനങ്ങളാണ് യൂറോപ്യൻ കമ്മീഷന്റെ ധനസഹായത്തോടെ ആരോഗ്യവകുപ്പിൽ നടപ്പിലാക്കുന്നത്. ജീവനക്കാരുടെ ജോലിയും ഉത്തരവാദിത്വങ്ങളും നിർണ്ണയിക്കുകയും പുനർനിർണ്ണയിക്കുകയും ചെയ്യുക, ആരോഗ്യവകുപ്പിനെ ആധുനികവൽക്കരിക്കുക, ആരോഗ്യ സ്ഥാപനങ്ങളെ ഒരു പ്രത്യേക മാർഗ്ഗരേഖയുടെ അടിസ്ഥാനത്തിൽ ക്രമീകരിക്കുക, കൗമാര പ്രായക്കാർക്കുവേണ്ടി പദ്ധതി തയ്യാറാക്കുക, ഹെൽത്ത് വിഷൻ ഡോക്യുമെന്റ് തയ്യാറാക്കുക, ഹെൽത്ത് മാനേജ്മെന്റ് ഇൻഫർമേഷൻ സംവിധാനം നിർമ്മിക്കുക, ആരോഗ്യവകുപ്പിനുവേണ്ടി ഒരു സ്വതന്ത്ര മലയാളം സോഫ്റ്റ്വെയർ ഡെവലപ് ചെയ്യുക, തിരുവനന്തപുരത്തെ സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയിലെ സൗകര്യങ്ങളും സേവനങ്ങളും മെച്ചപ്പെടുത്തുക, വകുപ്പിന്റെ കീഴിലുള്ള പരിശീലന കേന്ദ്രത്തിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുക, കുട്ടികളുടെ ദന്താരോഗ്യ സംരക്ഷണം എന്നീ പദ്ധതികളാണ് യൂറോപ്യൻ കമ്മീഷൻ ധനസഹായത്തോടെ ഇപ്പോൾ നടപ്പിലാക്കുന്നത്. ഈ പദ്ധതികൾക്കായി ഇതുവരെ 10.51 കോടി രൂപ ധനസഹായം ലഭിച്ചിട്ടുണ്ട്.

സ്പെഷ്യാലിറ്റി കേഡർ സംവിധാനം സംസ്ഥാനത്ത് നടപ്പിലാക്കാൻ നടപടി

*12 [394] *ശ്രീ. ഉമേഷ് ചള്ളിയിൽ:*
,, കെ. കെ. ഷാജു:
,, എ. എൻ. രാജൻ ബാബു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് താലൂക്ക് ആശുപത്രികൾ സമ്പൂർണ്ണ സ്പെഷ്യാലിറ്റി കേന്ദ്രങ്ങളായി വികസിപ്പിക്കുന്ന കാര്യം പരിഗണിക്കുമോ;

(ബി) എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(സി) സ്പെഷ്യാലിറ്റി കേഡർ സംവിധാനം സംസ്ഥാനത്ത് എന്നത്തേക്ക് പൂർണ്ണമായും നടപ്പിലാക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

ആരോഗ്യ വകുപ്പുമന്ത്രി *(ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ)*:

(എ) നൂറോ അതിലധികമോ കിടക്കകളുള്ള ആശുപത്രികളിലാണ് സ്പെഷ്യാലിറ്റി കേഡർ നടപ്പിലാക്കുവാൻ തീരുമാനിച്ചിട്ടുള്ളത്. ഈ തീരുമാനപ്രകാരം 34 താലൂക്കാശുപത്രികളിൽ സ്പെഷ്യാലിറ്റി കേഡർ നടപ്പിലാക്കിയിട്ടുണ്ട്. ബാക്കിയുള്ളവ ധനലഭ്യതയനുസരിച്ച് ക്രമേണ മാത്രമേ സ്പെഷ്യാലിറ്റി കേന്ദ്രങ്ങളാക്കി വികസിപ്പിക്കുവാൻ കഴിയുകയുള്ളൂ.

(ബി) & (സി) 7-4-1995-ലെ ഗവൺമെന്റ് ഉത്തരവ് നം. 325/95/(41) ഫിൻ എന്ന ഉത്തരവ് പ്രകാരം ആരോഗ്യവകുപ്പിൽ സ്പെഷ്യാലിറ്റി കേഡർ നടപ്പിലാക്കുവാൻ ഉത്തരവായി. 27-4-1995-ലെ ഗവ. ഉത്തരവ് 112/95/ആകുവ. അനുസരിച്ച് സംസ്ഥാനത്തെ വിവിധ ആശുപത്രികളിൽ സ്പെഷ്യാലിറ്റി യൂണിറ്റുകളും സ്ഥാപിച്ച് ഉത്തരവായി. തുടർന്ന് 28-5-2002-ലെ ഉത്തരവനുസരിച്ച് സ്പെഷ്യാലിറ്റി കേഡർ സംസ്ഥാനത്തെ 96 ആശുപത്രികളിൽ നടപ്പിലാക്കിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചു. ഈ ആശുപത്രികളിൽ ടി സംവിധാനം പൂർണ്ണമായി നടപ്പാക്കുവാൻവേണ്ടിവന്ന 375 അധിക തസ്തികകൾകൂടി 20-8-2003-ലെ ഉത്തരവ് പ്രകാരം സൃഷ്ടിക്കുകയുണ്ടായി. അതിനും പുറമെ സംസ്ഥാന ആരോഗ്യവകുപ്പിലെ ഡോക്ടർമാർക്കുള്ള സ്പെഷ്യൽ റൂൾ 5-2-2005-ൽ പുറപ്പെടുവിക്കുകയും ചെയ്തു. ചുരുക്കത്തിൽ സ്പെഷ്യാലിറ്റി കേഡർ നടപ്പിലാക്കുന്നതിനുള്ള എല്ലാ സംവിധാനങ്ങളും ഒരുങ്ങിക്കഴിഞ്ഞു. താമസംവിനാ ഇത് പ്രായോഗികമാക്കുന്നതിനുള്ള നടപടികൾ എടുത്തുവരുന്നു.

തെരുവ് നായ്ക്കളുടെ ശല്യം ഒഴിവാക്കാൻ നടപടി

*13 [395] *ശ്രീ. ചെർക്കളം അബ്ദുള്ള:*
,, *സി. ടി. മുഹമ്മദ് അലി:*
,, *കളത്തിൽ അബ്ദുള്ള:*
,, *പി. കെ. കെ. ബാവ:*
,, *കെ. എൻ. എ. ഖാദർ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പ്രധാന പട്ടണങ്ങളിലും റോഡുകളിലും അലഞ്ഞു നടക്കുന്ന നായ്ക്കളുടെ ശല്യം വർദ്ധിക്കുന്നതായ കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിന്റെ കാരണം എന്തെല്ലാമെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത നായ്ക്കളെക്കൊണ്ടുള്ള ശല്യം ഒഴിവാക്കുന്നതിന് ഗവൺമെന്റ് എന്തെല്ലാം നടപടികളാണ് ഇതിനകം സ്വീകരിച്ചിട്ടുള്ളത്;

(ഡി) പേവിഷം ബാധിച്ച് രോഗികൾ അനുഭവിക്കേണ്ടിവരുന്ന ബുദ്ധിമുട്ടുകൾ പരിഗണിച്ച് അലഞ്ഞുതിരിയുന്ന നായ്ക്കളുടെ ശല്യം ഒഴിവാക്കാൻ സത്വര നടപടികൾ സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly